പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1529 — 06.03.2018 ൽ മറുപടിക്ക്

## ഗതാഗത സേഫ് സോൺ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനമാകെ ഗതാഗത സേഫ് സോൺ ആക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. 08.11.2017 ൽ നടന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിൽ സേഫ് കേരള പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. |
| (ബി) ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 x 7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജി.പി.എസ് അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്. |
| (സി) സേഫ് സോൺ ആക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ടുകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഇത് സംബന്ധിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ട്രാഫിക് സേഫ്റ്റി എക്സ്പെർട്ട് ആയിരുന്ന ശ്രീ. പി. ഡി. സുനിൽ ബാബു 30.06.2017 ൽ സേഫ് കേരള എന്ന പേരിൽ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

SRS.

സെക്ഷൻ ഓഫീസർ